# ജുമുഅ:
# ശ്രേഷ്ഠതകളും മര്യാദകളും

തയ്യാറാക്കിയത്:
തർജുമാവിഭാഗം
ഗൈഡൻസ് സെൻറർ സുലൈ



E COOPERATIVE OFFICE FOR CALL & GUIDANCE AT AL SULAY, RIYADH
O. BOX 1419 ZIP CODE 11431. TEL. NO. (01) 2414488 FAX (01) 2411733

MALAYALAM 0701052

# أديان ولغات

أخي المسلم /

يضم العالم عدداً من الناس
مختلفي الأديان و اللغات
فهل فكرت في دعوتهم إلى الإسلام أو تعليمهم أحكامه

تسجيلات خالد بن الوليد الإسلامية باللغات العالمية
طريقك نحو دعوتهم

**أشرطة - كتب - مطويات - مصاحف مسموعة ومقروءة**

**أكثر من خمسين لغة بعدة مواضيع مراجعة ومصرحة من الجهات المسؤولة**


الرياض - حي السلي - شارع هارون الرشيد - شرق إسكان الجزيرة
هاتف ٢٤٢٠٥٩٢- ٢٤١٤٤٨٨ فاكس ٢٤١١٧٣٣

**البريد إلكتروني k.w.d @ islamway.net**

# الجمعة:

# فضائل وآداب

إعداد:

قسم الترجمة بالمكتب

# ജുമുഅ:

# ശ്രേഷ്ഠതകളും മര്യാദകളും

തയ്യാറാക്കിയത്:

തര്‍ജുമാ വിഭാഗം

ح المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي ، ١٤٢٣

*فهرسة مكتبة الملك فهد الوطنية أثناء النشر*

المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي

الجمعة : فضائل وآداب .- الرياض .

١٩ ص ، .. سم

ردمك ٧-٤-٩٣٥٦-٩٩٦٠

( النص باللغة المليبارية )

١- صلاة الجمعة ٢- فضائل الأيام والشهور أ- العنوان

ديوي ٢٥٢,٢٣١ ٢٣/ ٠٩١١

رقم الإيداع : ٢٣/٠٩١١

ردمك : ٧-٤-٩٣٥٦-٩٩٦٠

തലക്കെട്ടുകൾ | പേജ്


| | |
|---|---|
| 1, ആമുഖം | 1 |
| 2, വെള്ളിയാഴ്ചയുടെ ശ്രേഷ്ഠതകൾ | 3 |
| 3, വെള്ളിയാ്ച വിധികളും മര്യാദകളും | 6 |
| 4, വെള്ളിയാഴ്ചയിലെ സുന്നത്തുകൾ | 7 |
| 5, വെള്ളിയാഴ്ച സംഭവിക്കുന്ന അബദ്ധങ്ങൾ | 11 |
| 6, ഖത്തീബുമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | 13 |
| 7, ജുമുഅയും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും | 15 |

بسم الله الرحمن الرحيم

വെള്ളിയാഴ്ചദിവസം ളുഹറിൻെറസമയത്ത് ഒരുപ്രദേശത്തെ മുസ്ലിംകൾ പള്ളിയിൽ ഒരുമിച്ചുകൂടുകയും ഇമാം അവരോട് കാലികമായ വിഷയങ്ങളെക്കുറിച്ച് ഉപദേശിക്കുകയും തദനന്തരം ഇമാമോടുകൂടി രണ്ട്റക്അത്ത് നമസ്കരിക്കുകയും ചെയ്യുക എന്നതാണ് ജുമുഅ നമസ്കാരം

വെള്ളിയാഴ്ചകളിൽ പാലിക്കേണ്ട ഒരുപാട് മര്യാദകളും കടമകളും പ്രവാചകൻ(സ) പഠിപ്പിക്കുകയും, മഹത്തായപ്രതിഫലം വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇന്നത് അധികമാളുകളും അറിഞ്ഞോ അറിയാതേയോ അവഗണിക്കുന്നതായി കണ്ടുവരുന്നു.''ജുമുഅ: ശ്രേഷ്ഠതകളുംമര്യാദകളും'' എന്ന പേരിൽ നിങ്ങളുടെ കൈകളിലിരിക്കുന്ന ഗ്രന്ഥം ഒരാവർത്തി വായിക്കുന്ന ഏതൊരാൾക്കും പ്രസ്തുത ദിവസത്തിൻെറ പ്രാധാന്യവും,അവഗണനമൂലം തങ്ങൾ നഷ്ടപ്പെടുത്തുന്ന പ്രതിഫലം കുറച്ചൊന്നുമല്ല എന്നതും ബോധ്യപ്പെടുന്നതാണ്. അറിയാത്തവർക്ക് അറിയാനും അറിയുന്നവർക്ക് ഓർമ്മപുതുക്കാനും ചെറുതെങ്കിലും ഇതുപകരിക്കുകതന്നെ ചെയ്യും .

സൗദിഅറേബ്യയിലെ പ്രമുഖപണ്ഡിതനും എഴുത്തുകാരനുമായ *ശൈഖ്: മുഹമ്മദ് സ്വാലിഹുൽ മുൻജിദ്* പരിശോധിച്ച ''അൽജുമുഅത്തു: അഹ്കാമുൻ , ആദാബുൻ, ഫദാ ഇലുൻ മഅ തൻബീഹാത്തു ബഅ്ളുൽ അഖ്ത്വാഅ'' എന്ന കൃതിയുടെ വിവർത്തനമാണ് നിങ്ങളുടെ കൈകളിലിരിക്കുന്ന ഈ കൊച്ചുകൃതി .

ഇതിൻെറ അവസാനത്തിലുള്ള ഒരധ്യായം മൂലകൃതിയിലുള്ളതല്ല. ജുമുഅയുമായിബന്ധപ്പെട്ട ഏതാനുംവിഷയങ്ങളെ ഹ്രസ്വമായി ഉൾക്കൊള്ളിക്കുന്നത് മലയാളികളായ സഹോദരങ്ങൾക്ക് സംശയങ്ങൾ നീക്കാനുപകരിക്കുമെന്ന പ്രത്യാശയോടെ വിവർത്തകൻെറ വകയായി ചേർത്തിട്ടുള്ളതാണ്.

അല്ലാഹു ഇത്സൽക്കർമ്മമായി സ്വീകരിക്കുകയും, സഹകരിച്ച എല്ലാവർക്കും മതിയായപ്രതിഫലം നൽകുകയും ചെയ്യട്ടെ. (ആമീൻ).

വിവർത്തകൻ
അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി,
ഇസ്ലാമിക് ഗൈഡൻസ് സെൻറർ സുലൈ.

بسم الله الرحمن الرحيم

**الحمد لله رب العالمين والصلاة والسلام على خاتم الأنبياء والمرسلين وعلى آله وصحبه أجمعين أما بعد،**

പ്രിയസഹോദരാ

അല്ലാഹു മുസ്ലിംസമൂഹത്തിന് ഒട്ടനവധി ശ്രേഷ്ഠതകളും മഹത്തായ അനുഗ്രഹങ്ങളും നൽകി അനുഗ്രഹിച്ചിരിക്കുന്നു. അവയിൽപെട്ടതാണ് വെള്ളിയാഴ്ച ദിവസത്തെ പ്രത്യേകതകൾ. അല്ലാഹു ജൂതക്രൈസ്തവ സമൂഹത്തെ അതിൽ നിന്നും അകററുകയും ചെയ്തിരിക്കുന്നു. അബൂഹുറൈറ(റ)വിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാവുന്നതാണ്; നബി(സ) പറഞ്ഞു ''(അല്ലാഹു നമുക്ക് നൽകിയ ഒരനുഗ്രഹം) നമ്മുടെ മുൻഗാമികൾക്ക് അത് നൽകുകയുണ്ടായിട്ടുമില്ല, ജൂതൻമാർക്ക് ശനിയാഴ്ചയും ക്രിസ്ത്യാനികൾക്ക് ഞായറാഴ്ചയുമാകുന്നു, എന്നാൽ നമുക്ക് അല്ലാഹു വെള്ളിയാഴ്ച നിശ്ചയിക്കുകയും നമ്മെ അതിലേക്ക് നയിക്കുകയും ചെയ്തു. അങ്ങിനെ വെള്ളിയും ശനിയും ഞായറുമായി. അത് പ്രകാരം തന്നെയായിരിക്കും അന്ത്യദിനത്തിലും. അവർ നമുക്ക് ശേഷമായിരിക്കും വരിക, നാം ഇഹലോകത്ത് അവസാനത്തിലാണങ്കിലും അന്ത്യദിനത്തിൽ മററുസൃഷ്ടികളേക്കാളെല്ലാം മുന്നെ വിചാരണചെയ്യപ്പെടുക നാമായിരിക്കും'' (മുസ്ലിം).

ആരാധനക്കുള്ളദിവസം :

ഹാഫിസ് ഇബ്നുകഥീർ(റ) ഇപ്രകാരം പറയുന്നു; വെള്ളിയാഴ്ച എന്ന് പേർവിളിക്കാനുള്ള കാരണം *ഒരുമിച്ചുകൂടുക* എന്നർത്ഥമുള്ള ജംഅ് എന്ന ധാതുവിൽ നിന്നാകുന്നു അതിൻെറ ഉത്ഭവം, അത്കൊണ്ടുതന്നെ മുസ്ലിംകൾ എല്ലാ ആഴ്ചകളിലും ഒരുപ്രാവശ്യം, പ്രസ്തുതദിവസം വലിയ ഗേഹങ്ങളിൽ ഒരുമിച്ചുകൂടുന്നു. അല്ലാഹു, അവനെ ആരാധിക്കുവാൻ വേണ്ടി പ്രസ്തുത ദിവസത്തിൽ ഒരുമിച്ചുകൂടാൻ കൽപ്പിക്കുകയും ചെയ്യുന്നു.

**﴿يَا أَيُّها الذين آمنوا إذا نودي للصلاة من يوم الجمعة فاسعوا إلـى ذكـر الله﴾** (الجمعة ٩)

''സത്യവിശ്വാസികളേ വെള്ളിയാഴ്ച ദിവസം നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവിൻെറ സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരിക'' (ജുമുഅ: 9).

അതായത് നിങ്ങൾ ശ്രദ്ധാപൂർവ്വം ആകാംക്ഷയോടെ ഉദ്ദേശ പൂർവം അങ്ങോട്ട് നടന്നടുക്കുക. എന്നാൽ നടത്തത്തിൻെറ വേഗതയല്ല ഇവിടെഉദ്ദേശം. നമസ്കാരത്തിലേക്ക് തിരക്കുപിടിച്ചുള്ളനടത്തം വിരോധിക്കപ്പെട്ടതാണ്. ഹസൻ(റ)പറയുന്നു ധൃതിപ്പെടുക എന്നത്കൊണ്ടുള്ള വിവക്ഷ മുന്നേറുക എന്നതാണ്. നമസ്കാരത്തിനായി അവധാനതയോടെയും ശാന്തതയോടെയുമല്ലാതെയുള്ള നീക്കം വിരോധിക്കപ്പെട്ടതുമാണല്ലൊ. എന്നാൽ ഭയഭക്തിയോടെയും നിഷ്കളങ്ക ഉദ്ദേശത്തോടെയും ആയിരിക്കുക എന്നതും മേൽവാക്യത്തിൽ ഉൾപ്പെടുന്നതാണ് (തഫ്സീർ ഇബ്നുകഥീർ 4/385,386).

ഇബ്നുൽ ഖയ്യിം(റ) പറയുന്നു '' വെള്ളിയാഴ്ച ആരാധനക്കുള്ള ദിവസമാകുന്നു, ആഴ്ചയിൽ വെള്ളിയാഴ്ചക്കുള്ള സ്ഥാനം മാസങ്ങളിൽ റമദാനിനുള്ള സ്ഥാനവും, അതിലെ പ്രാർത്ഥനക്ക് പ്രത്യേകം ഉത്തരംലഭിക്കുമെന്ന് പറഞ്ഞസമയം റമദാനിലെ ലൈലത്തുൽഖദ്റിനുള്ള സ്ഥാനവുമാകുന്നു'' (സാദുൽ മആദ് 1/398).

## വെള്ളിയാഴ്ചയുടെ ശ്രേഷ്ഠതകൾ :

1.*ദിവസങ്ങളിൽ ഏററവും ഉത്തമമായ ദിവസം*: നബി(സ) പറഞ്ഞു ''സൂര്യനുദിച്ചതിൽ ഏററവും ശ്രേഷ്ഠമായ ദിവസം വെള്ളിയാഴ്ചയാണ്. ആദിവസത്തിലാണ് ആദം(അ) സൃഷ്ടിക്കപ്പെട്ടത്, അന്നാണ് അദ്ദേഹം സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടത്, അന്നാണ് അദ്ദേഹം സ്വർഗത്തിൽ നിന്നും പുറത്താക്കപ്പെട്ടത്, ആദിവസത്തിലല്ലാതെ അന്ത്യദിനം സംഭവിക്കുകയുമില്ല' (മുസ്ലിം)

2.*മഹത്തായ നമസ്കാരം ഉൾക്കൊള്ളുന്നു*: നബി(സ) പറയുന്നു; '' മുസ്ലിംകളുടെ സുപ്രധാന ഐക്യസംഗമം (ജുമുഅ) ആരെങ്കിലും അലസഭാവത്തിൽ അതുപേക്ഷിച്ചാൽ അല്ലാഹു അവൻെറ ഹൃദയങ്ങൾക്ക് സീൽവെക്കുന്നതാണ്'' (മുസ്ലിം).

*3.പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സമയം ഉൾക്കൊള്ളുന്നു:*
അബൂഹറൈറ(റ) പറയുന്നു; നബി(സ) പറഞ്ഞു: തീർച്ചയായും വെള്ളിയാഴ്ചയിൽ ഒരുസമയമുണ്ട് ആസമയത്ത് ഒരുദാസൻ നമസ്കരിച്ചു പ്രാർത്ഥനയിൽ മുഴുകുകയാണെങ്കിൽ അവൻ ആവശ്യപ്പെടുന്നത് അവന് ലഭിക്കാതിരിക്കുകയില്ല, അദ്ദേഹം തൻെറ കൈകൊണ്ട് അത് വളരെക്കുറച്ച് മാത്രമേയുള്ളൂ എന്നും സൂചിപ്പിക്കുകയുണ്ടായി'' (ബുഖാരി,മുസ്ലിം).
ഇബ്നുൽ ഖയ്യിം (റ) പറയുന്നു: മേൽപറയപ്പെട്ടസമയം ഏതെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ നിരവധിയാണ് അവയിൽ പ്രസക്തമായ രണ്ട്അഭിപ്രായങ്ങൾ നാംഇവിടെ സൂചിപ്പിക്കുന്നു.

ഒന്ന്, 'ഇമാം മിമ്പറിൽ കയറിഇരുന്നത് മുതൽ നമസ്കാരം അവസാനിക്കുന്നത് വരെയുള്ള സമയമാണ്;. ഇബ്നുഉമർ(റ) ൽ നിന്നുള്ള ഒരുഹദീസ് ഇതിനെ ബലപ്പെടുത്തുന്നുണ്ട്; നബി(സ) പറഞ്ഞു: "അത് ഇമാം മിമ്പറിൽ ഇരുന്നതുമുതൽ നമസ്കാരത്തിൽനിന്നും വിരമിക്കുന്നതുവരെയാണ്'' (മുസ്ലിം).
രണ്ട്, അസർനമസ്കാരത്തിന് ശേഷമാണ്. ഇവിടെപറയപ്പെട്ട രണ്ട് അഭിപ്രായങ്ങളിൽ ശ്രേഷ്ഠമായത് ഇതാണ്. (സാദുൽ മആദ് 1/389)

*4.വെള്ളിയാഴ്ചയിലെ ദാനധർമങ്ങൾക്ക് ഏറെ മഹത്വമുണ്ട്* :
''ആദിവസത്തിലെ ദാനധർമ്മങ്ങൾക്ക് മററു ദിവസങ്ങളേക്കാൾ മഹത്വമാണ് '' (മൗഖൂഫുൻ സ്വഹീഹുൻ) എന്ന ഒരുഹദീസ് ഇബ്നുൽഖയ്യിം(റ) രേഖപ്പെടുത്തുകയും ആദിവസത്തിലെ ദാനങ്ങൾ പുണ്യമുള്ളതായി പറയുകയും ചെയ്യുന്നു.

*5.ആദിവസം സ്വർഗത്തിൽ അല്ലാഹു വിശ്വാസികളായ തൻെറ വലിയ്യുകൾക്ക് വെളിപ്പെടുന്നു.* അനസ്(റ) പറയുന്നു **ولدينا** (ق) **مزيد**(നമ്മുടെയടുക്കൽ യഥേഷ്ഠമുണ്ട് ) എന്ന സൂറത്തു ഖാഫിലെ ആയത്തിനെസംബന്ധിച്ച് എല്ലാവെള്ളിയാഴ്ചദിവങ്ങളിലും അല്ലാഹു വിശ്വാസികൾക്ക് വെളിപ്പെടുന്നതാണ് എന്ന് അനസ് (റ) പറയുന്നു .

6. *ആഴ്ചകളിൽ ആവർത്തിച്ചുവരുന്ന ആഘോഷ ദിവസം* : ഇബ്നുഅബ്ബാസ്(റ)ൽനിന്ന്, നബി(സ) പറഞ്ഞു ഈദിവസം അല്ലാഹു വിശ്വാസികൾക്ക്നിശ്ചയിച്ച ആഘോഷദിവസമാണ് അത്കൊണ്ട്തന്നെ ജുമുഅക്ക് വരുന്നവർ കുളിച്ചുകൊണ്ടായിരിക്കട്ടെ വരുന്നത് (ഇബ്നുമാജ:) .

7. *പാപങ്ങൾ പൊറുക്കപ്പെടുന്ന ദിവസം* : സൽമാൻ (റ) വിൽ നിന്ന് നബി(സ)പറഞ്ഞു ''ഒരാൾ വെള്ളിയാഴ്ച കുളിക്കുകയും ശുദ്ധിവരുത്തുകയും സുഗന്ധംപൂശി പള്ളിയിലേക്ക് പുറപ്പെടുകയും ആദിവസം നിശ്ചയിക്കപ്പെട്ടിട്ടുള്ള നമസ്കാരം നിർവ്വഹിക്കുകയും ഖത്തീബിൻെറ പ്രസംഗം ശ്രദ്ധിക്കുകയും ചെയ്താൽ അവൻെറ ആ വെള്ളിയാഴ്ചയുടേയും മററൊരു വെള്ളിയാഴ്ചയുടേയും ഇടക്കുള്ള പാപങ്ങൾ പൊറുക്കപ്പെടാതിരിക്കുകയില്ല'' (ബുഖാരി).

8. *നോമ്പിൻെറയും രാത്രിനമസ്കാരത്തിൻെറയും പ്രതിഫലം ലഭിക്കുന്നു:* ഔസ്ബ്നുഔസ്(റ) ൽ നിന്ന് നബി(സ) പറഞ്ഞു ''(വെള്ളിയാഴ്ച) കുളിക്കുകയും നേരത്തെ ജുമുഅക്ക് പുറപ്പെടുകയും ഇമാമിനോടടുത്തിരുന്ന് ഖുതുബ ശ്രദ്ധിക്കുകയും ചെയ്യുന്നവൻെറ ഓരോ കാലടികൾക്കും സുന്നത്തുനോമ്പു നോററും രാത്രിനമസ്കരിച്ചും കഴിയുന്നവൻെറ പ്രതിഫലമാണ്, അല്ലാഹുവിന്നത് എളുപ്പമുള്ള കാര്യവുമാണ് '' (അഹ്മദ്, അസ്ഹാബുസ്സുനൻ. ഇബ്നുഖുസൈമ: ഇത് സ്വഹീഹാണന്ന് രേഖപ്പെടുത്തിയിട്ടുണ്ട്).

അല്ലാഹുഅക്ബർ..! എന്തൊരു ഭാഗ്യം ഓരോ ചവിട്ടടിക്കും സുന്നത്ത് നോമ്പിൻെറയും നമസ്കാരത്തിൻേറയും പ്രതിഫലമോ.!? ..എവിടെ പുണ്യം ആഗ്രഹിക്കുന്നവർ, ആരുണ്ട് ഈ സു വർണ്ണാവസരം പ്രയോജനപ്പെടുത്തി പുണ്യം നേടാൻ..?

''തീർച്ചയായും അല്ലാഹുവിൻെറ ഔദാര്യം തന്നെയാണത്. അവൻ ഉദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു , അല്ലാഹു ഉന്നതമായ ഔദാര്യം നൽകുകതന്നെ ചെയ്യും'' (ഹദീദ് 21).

9.*ആഴ്ചയിൽ എല്ലാ ദിവസവും നരകം ആളിക്കത്തിക്കപ്പെടും വെള്ളിയാഴ്ചയൊഴികെ* അത് ആദിവസത്തിൻെറ ശ്രേഷ്ഠതയാലാകുന്നു (സാദുൽ മആദ് 1/387).

10. വെള്ളിയാഴ്ച രാത്രിയിലോ പകലിലോ മരണപ്പെടുന്നത് ശുഭസൂചനയാകുന്നു: ഇബ്നുഉമർ(റ) പറയുന്നു നബി(സ) പറഞ്ഞു ''വെള്ളിയാഴ്ച രാത്രിയിലോ പകലിലോ ആണ് ഒരാൾ മരണപ്പെടുന്നത് എങ്കിൽ അല്ലാഹു അവനെ ഖബർശിക്ഷയിൽ നിന്നും സംരക്ഷിക്കുന്നതാണ്'' (അഹ്മദ്, തിർമുദി ഈ ഹദീസ് സ്വഹീഹാണ് എന്ന് ശൈഖ് അൽബാനി(റ) രേഖപ്പെടുത്തിയിട്ടുണ്ട്) .

# വെള്ളിയാഴ്ച വിധികളും മര്യാദകളും

മുസ്ലിം സഹോദരാ.. ..

വെള്ളിയാഴച ദിവസത്തെ ബഹുമാനിക്കുകയും ആദിവസത്തിലെ ശ്രേഷ്ഠതകൾ നേടിയെടുക്കുകയും ചെയ്യൽ ഓരോ മുസ്ലിമിൻെറയും നിർബന്ധ ബാധ്യതകളിൽ പെട്ടതാണ്. അത് പുണ്യകർമ്മങ്ങൾ പ്രവർത്തിച്ചും ആരാധനകളിൽ മുഴുകിയും മാത്രമേ നേടാൻകഴിയുകയുള്ളൂ. ജുമുഅയുമായി ബന്ധപ്പെട്ട് ഓരോ മുസ്ലിമും പ്രാവർത്തികമാക്കേണ്ടതായ ഒരുപാട് നിയമങ്ങളും മര്യാദകളും ഇസ്ലാം നമ്മോട് നിഷ്കർഷിച്ചതായി കാണാം.

മഹാനായ ഇബ്നുൽഖയ്യിം(റ) പറയുന്നു: വെള്ളിയാഴ്ച ദിവസത്തെ ആരാധനകൾ കൊണ്ട് മഹത്വപ്പെടുത്തുക എന്നത് നബി(സ)യുടെ ചര്യയിൽ പെട്ടതായിരുന്നു; വെള്ളിയാഴ്ചക്കോ അറഫാദിവസത്തിനോ കൂടുതൽമഹത്വം എന്ന്പോലും പണ്ഢിതവര്യൻമാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട് (സാദുൽ മആദ് 1/375).

എന്നാൽ, സഹോദരാ എത്രയെത്ര പുണ്യകരമായ ജുമുഅ ദിവസങ്ങൾ യാതൊരുവിധ ശ്രദ്ധയും പരിഗണനയുമില്ലാതെ നിന്നിലൂടെ കഴിഞ്ഞുപോയി ! ഇന്ന് എത്രയോ ആളുകൾ വെള്ളിയായ്ചദിവസം അല്ലാഹുവിന്ന് ഇഷ്ടമില്ലാത്തതും കുററകരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു? അതിന്നായി ആദിവസം എത്താൻ കാത്തി

രിക്കുകയും ചെയ്യുന്നു !!.അതുമല്ലെങ്കിൽ പുണ്യകരമായ കാര്യങ്ങൾ അവഗണിച്ചു ജീവിക്കുന്നു. !!?

## വെള്ളിയാഴ്ചയിലെ സുന്നത്തുകൾ

1, വെള്ളിയാഴ്ച സുബ്ഹിനമസ്കാരത്തിന് സൂറത്തുസ്സജദയും, ഇൻസാനും പാരായണംചെയ്യൽ സുന്നത്താണ്. എന്നാലത് മുഴുവനായും പാരായണം ചെയ്യലാണ് നബചിര്യ. ചില ഇമാമുകൾ അവചുരുക്കി ഓതുന്നതായി കാണുന്നു. അത് ശരിയായ രീതിയല്ല.

2, പ്രസ്തുത ദിവസം നബി(സ)യുടെ പേരിൽ സ്വലാത്ത് വർദ്ധിപ്പിക്കൽ സുന്നത്താണ്. ഔസ്(റ) പറയുന്നു, നബി (സ) പറഞ്ഞു: '' ദിവസങ്ങളിൽ ഏററവും ഉത്തമമായത് വെള്ളിയാഴ്ച ദിവസമാണ് അന്നാണ് ആദം(അ) സൃഷ്ടിക്കപ്പെട്ടതും മരിപ്പിക്കപ്പെട്ടതും അന്നായിരിക്കും അന്ത്യദിനത്തിൽ കാഹളമൂതപ്പെടുന്നതും മനുഷ്യരെല്ലാം മരിപ്പിക്കപ്പെടുന്നതും. അത്കൊണ്ട് നിങ്ങൾ ആദിവസം എൻെറപേരിൽ സ്വലാത്ത് വർദ്ധിപ്പിക്കുക തീർച്ചയായും നിങ്ങളുടെ സ്വലാത്തുകൾ എനിക്ക് കാണിക്കപ്പെടുന്നതാണ്'' (അഹ്മദ്, അസ്ഹാബുസ്സുനൻ *ഇമാംനവവി* (റ)ഇത് സ്വീകാര്യ യോഗ്യമാണെന്നും *ഇമാംമുൻദിരി(റ)* ഈ ഹദീസ് ഹസൻ (നല്ലത്) ആണെന്നും പറഞ്ഞിട്ടുണ്ട് ).

3, ജുമുഅ: നാട്ടിൽ സ്ഥിരതാമസക്കാരനും മുസ്ലിമും സ്വതന്ത്രനും തൻേറടവുമുള്ള എല്ലാ പുരുഷന്മാർക്കും നിർബന്ധമാണ്. ചുരുക്കിനമസ്കരിക്കൽ അനുവദനീയമാകും വിധമുള്ളയാത്രക്കാരൻ, സ്ത്രീകൾ, അടിമകൾ, എന്നിവർക്ക് ജുമുഅ: നിർബന്ധമില്ല; എന്നാൽ അവർ ജുമുഅയിൽ പങ്കെടുത്താൽ അതവർക്ക് തീർത്തും മതിയാവുന്നതാണ്. രോഗം, ഭയം എന്നിവമൂലവും ജുമുഅ നിർബന്ധമല്ലാതായി ത്തീരുന്നതാണ്. (ശറഹുൽ മുംതിഅ്)

4, വെള്ളിയാഴ്ച ജുമുഅക്കായികുളിക്കലും നബിചര്യയാണ്. നബി(സ)പറഞ്ഞു ''ജുമുഅക്ക് പങ്കെടുക്കുന്നവർ കുളിക്കേണ്ടതാണ്'' (മുതഫഖുൻ അലൈഹി).

5, സുഗന്ധം ഉപയോഗിക്കൽ, മിസ്വാക്ക്ചെയ്യൽ ഏററവും നല്ലവസ്ത്രം ധരിക്കൽ എന്നിവ വെള്ളിയാഴ്ചയിലെ മര്യാദകളിൽ പെട്ടതാണ്. അബൂഅയ്യൂബ്(റ) പറയുന്നു, നബി(സ) പറഞ്ഞു "വല്ലവരും വെള്ളിയാഴ്ചദിവസം കുളിക്കുകയും, സുഗന്ധം പൂശുകയും, ഉള്ളതിൽ ഏററവും നല്ലവസ്ത്രം ധരിക്കുകയും ശേഷം ശാന്തതയോടുകൂടി പള്ളിയിൽ വരികയും മററുള്ളവർക്കാർക്കും ശല്യമാകാത്തവിധം തഹിയ്യത്ത് നമസ്കരിക്കുകയും പിന്നീട് ഇമാം നമസ്കാരത്തിൽനിന്നും വിരമിക്കുന്നത്വരെ നിശബ്ദത പാലിക്കുകയും ചെയ്താൽ അത് രണ്ട് ജുമുഅകൾക്കിടയിൽ സംഭവിക്കുന്ന തെററുകൾക്കുള്ള പ്രായശ്ചിത്തമാണ്" (അഹ്മദ്, ഇബ്നുഖുസൈമ ഇത് സ്വഹീഹാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്) .

അബൂസഈദിൽ ഖുദ്രിയ്യ്(റ) പറയുന്നു; പ്രായപൂർത്തിയായവരെല്ലാം വെള്ളിയാഴ്ച കുളിക്കുകയും മിസ്വാക്ക് ചെയ്യുകയും തനിക്ക്കഴിയുന്ന സുഗന്ധം ഉപയോഗിക്കുകയും ചെയ്യണമെന്ന് നബി(സ) പറഞ്ഞിട്ടുണ്ട് (മുസ്ലിം) .

6, ജുമുഅക്ക് നേരത്തെഎത്തിച്ചേരൽ ശക്തിയായ സുന്നത്താണ്. അബൂഹുറൈറ(റ) പറയുന്നു നബി(സ) പറഞ്ഞു "വെള്ളിയാഴ്ചദിവസം മലക്കുകൾ പള്ളികവാടങ്ങളിൽ നിൽക്കുകയും ആദ്യമാദ്യം പള്ളികളിൽ എത്തുന്നവരെ ക്രമപ്രകാരം അവർ രേഖപ്പെടുത്തുകയുംചെയ്യും, ഏററവുമാദ്യം എത്തുന്നവർക്കുള്ള പ്രതിഫലം ഒരൊട്ടകത്തെ അറുത്ത് ദാനം ചെയ്തവൻേറയും പിന്നീട് എത്തുന്നവന്ന് പശുവിനെ അറുത്തവൻേറയും പിന്നീട് ആട്, കോഴി, കോഴിമുട്ട എന്നീ ക്രമത്തിൽ ദാനം ചെയ്തവൻേറയും പ്രതിഫലമായിരിക്കും ലഭിക്കുക, ഖത്തീബ് മിമ്പറിൽകയറി ഇരുന്ന് കഴിഞ്ഞാൽ മലക്കുകൾ അവരുടെ റിക്കാർഡുകളെല്ലാം അടച്ചുവെക്കുകയും എന്നിട്ടവർ ഇമാമിൻെറ ഖുത്വുബ ശ്രദ്ധിക്കുകയും ചെയ്യുന്നതാണ്" (മുതഫഖുൻ അലൈഹി).

എന്നാൽ ഇന്ന് ആളുകൾ ഇക്കാര്യത്തിൽ അശ്രദ്ധരാണ് ! സഹോദരൻമാരേ മേൽപറഞ്ഞ പുണ്യംനേടാൻ കാര്യത്തിൻെറ ഗൗരവമനുസരിച്ച് പ്രവർത്തിക്കാനാരുണ്ട് !? എവിടെ നമ്മ ആ

ഗ്രഹിക്കുന്നവർ! പ്രസ്തുതചര്യ പുനരുജ്ജീവിപ്പിക്കാൻ അല്ലാഹുനമ്മെ അനുഗ്രഹിക്കട്ടെ (ആമീൻ).

7, വെള്ളിയാഴ്ച പ്രഭാതംമുതൽ ഇമാം ഖുതുബയും നമസ്കാരവും കഴിഞ്ഞു പിരിയുന്നത്വരെ ദിക്റിലും ഖുർആൻ പാരായണത്തിലുമായി കഴിഞ്ഞുകൂടൽ സുന്നത്താണ്.

8, ഖുതുബ ശ്രദ്ധിക്കുകയും മൗനം പാലിക്കുകയും ചെയ്യൽ . അബൂഹുറൈറ(റ)വിൽനിന്ന്, നബി(സ) പറഞ്ഞു "ഇമാം ഖുതുബ നിർവഹിക്കുമ്പോൾ (സംസാരിക്കുന്നവനോട്) നിശബ്ദരായിരുക്കുക എന്ന്പോലും തൻെറ കൂട്ടുകാരനോട് പറഞ്ഞാൽ അവൻ തെററുകാരനായിത്തീർന്നു" (ബുഖാരി, മുസ്ലിം). ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്ത ഹദീസിൽ ആരെങ്കിലും തെററ് പ്രവർത്തിച്ചാൽ അവന്ന് ആ ജുമുഅയിൽനിന്ന് ഒന്നും തന്നെ ലഭിക്കുകയില്ല എന്നുകൂടിയുണ്ട് .

9, വെള്ളിയാഴ്ച സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യൽ സുന്നത്താണ്. അബൂസഈദിൽ ഖുദ്രിയ്യ്(റ) പറയുന്നു നബി (സ)പറഞ്ഞു " ആരെങ്കിലും വെള്ളിയാഴ്ച ദിവസം കഹ്ഫ് സൂറത്ത് പാരായണം ചെയ്താൽ രണ്ട് ജുമുഅകൾക്കിടയി ൽ അവന്ന് പ്രത്യേകമായൊരു പ്രകാശം ലഭ്യമാ കുന്നതാണ്." (ഹാകിം, ബൈഹഖി. ഈഹദീസ് സ്വഹീഹാണെന്ന് ശൈഖ് നാസ്വിറുദ്ദീൻ അൽബാനി(റ) രേഖപ്പെടുത്തിയിട്ടുണ്ട്).

10, വെള്ളിയാഴ്ച ജുമുഅയുടെ സമയമായിക്കഴിഞ്ഞാൽ പിന്നെ യാത്രചെയ്യൽ അനുവദനീയമല്ല.

11, വെള്ളിയാഴ്ച മാത്രമായി നോമ്പ് നോൽക്കൽ അനുവദനീയമല്ല. അന്ന്രാത്രി പ്രത്യേകമായ നമസ്കാരവും വെറുക്കപ്പെട്ടതാണ്. അബൂഹുറൈറ(റ)പറയുന്നു; നബി(സ) അരുളിയിരിക്കുന്നു " നിങ്ങൾ വെള്ളിയാഴ്ച രാത്രി പ്രത്യേകമായി സുന്നത്ത് നമസ്കരിക്കുന്നതിനും വെള്ളിയാഴ്ച പകൽ പ്രത്യേകമായി നോമ്പ് നോക്കുന്നതിനും തിരഞ്ഞെടുക്കരുത്. നിങ്ങൾ പതിവായി നോമ്പ് നോററു വരുന്നുവെങ്കിലല്ലാതെ " (മുസ്ലിം).

12, വെള്ളിയാഴ്ച നോമ്പ് നോൽക്കാൻ ഉദ്ദേശിക്കുന്നവർ ഒരു ദിവസം മുമ്പോ ശേഷമോ തിരഞ്ഞെടുക്കേണ്ടതാണ് . അബൂഹുറൈറ(റ)വിൽ നിന്ന് നബി(സ) പറഞ്ഞു " നിങ്ങളാരും വെ

ള്ളിയാഴ്ച നോമ്പ്നോൽക്കരുത് അതിൻെറ ഒരു ദിവസം മുമ്പോ ശേഷമോ നോററുകൊണ്ടല്ലാതെ'' (ബുഖാരി) .

13, ജുമുഅയുടെ സുന്നത്ത് നമസ്കാരം. ജുമുഅയുടെ മുമ്പ് ജുമുഅക്ക് എന്നനിലയിൽ പ്രത്യേക നമസ്കാരമില്ല. രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കാരം മാത്രമാണുള്ളത്. '' നബി(സ) ജുമുഅക്ക്ശേഷം രണ്ട് റക്അത്തായിരുന്നു നമസ്കരിച്ചിരുന്നത്'' (ബുഖാരി മുസ്ലിം). ''നബി(സ) ജുമുഅക്ക് ശേഷം നാല് റക്അത്ത് നമസ്കരിക്കാൻ കൽപ്പിച്ചിരുന്നു'' (മുസ്ലിം). ഇസ്ഹാഖ്(റ) പറയുന്നു നബി(സ) പള്ളിയിൽ വെച്ചാണ് നമസ്കരിക്കുന്നത് എങ്കിൽ നാലും, വീട്ടിൽവെച്ചാണ് നമസ്കരിക്കുന്നതെങ്കിൽ രണ്ട്റക്അത്തുമായിരുന്നു നമസ്കരിച്ചിരുന്നത്. (ഈ അഭിപ്രായമാകുന്നു ഹദീസുകളിൽനിന്നും വ്യക്തമാകുന്നത് വിവർത്തകൻ). അബൂബക്കറുൽ അഥ്റം(റ), മേൽ പറഞ്ഞത് എല്ലാം അനുവദനീയമാണെന്നും അഭിപ്രായപ്പെടുന്നു (ഇബ്നുൽ ജൗസിയുടെ അൽ ഹദാഇഖ് എന്ന ഗ്രന്ഥം നോക്കുക) .

14, ഇമാം ഖുതുബ നിർവഹിച്ചുകൊണ്ടിരിക്കുമ്പോഴും പള്ളിയിൽ കടന്നാൽ രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കരിക്കൽ. ജാബിർ(റ)വിൽ നിന്ന് നബി(സ) പറഞ്ഞു '' ഇമാം ഖുതുബ നിർവഹിക്കുമ്പോൾ ആരെങ്കിലും പള്ളിയിൽ പ്രവേശിക്കുന്നുവെങ്കിൽ അവൻ രണ്ട് റക്അത്ത് നമസ്കരിക്കുകയും എന്നിട്ട് (മാത്രം ) ഇരിക്കുകയും ചെയ്യട്ടെ '' (മുസ്ലിം).

15, ഇമാമിന്ന് ജുമുഅ നമസ്കാരത്തിൽ സൂറത്തുൽ ജുമുഅയും, മുനാഫിഖൂനയും അല്ലെങ്കിൽ അഅ്ലയും, ഗാശിയയും ഓതൽ സുന്നത്താണ് (മുസ്ലിം).

## വെള്ളിയാഴ്ച സംഭവിക്കുന്ന അബദ്ധങ്ങൾ

1, ആളുകളിൽചിലർ വെള്ളിയാഴ്ചയെ അലസമനോഭാവത്തോടെ കാണുകയും ജുമുഅ ഒഴിവാക്കുകയും ചെയ്യുന്നു. നബി(സ)പറയുന്നു ''ജുമുഅഒഴിവാക്കുന്നവർ ആ പ്രവണത അവസാനിപ്പിക്കട്ടെ അല്ലാത്തപക്ഷം അല്ലാഹു അവരുടെ ഹൃദയങ്ങൾക്ക് സീൽവെക്കുന്നതായിരിക്കും പിന്നീട് അശ്രദ്ധയിലായിരിക്കുകതന്നെ ചെയ്യും '' (മുസ്‌ലിം).

2, ചിലർ വെള്ളിയാഴ്ച ദിവസം ജുമുഅക്ക് പോകുകയാണ് എന്ന യാതൊരുഒരുക്കവും ഉദ്ദേശവുമില്ലാതെ സാധാരണ വീട്ടിൽ നിന്നിറങ്ങിപ്പോകുന്നപോലെമാത്രം ഇറങ്ങിപ്പോകുന്നു; എന്നാൽ കർമ്മങ്ങൾ സ്വീകരിക്കപ്പെടുക നിയ്യത്ത് (ഉദ്ദേശം) അനുസരിച്ച് മാത്രമായിരിക്കും. നബി(സ)പറഞ്ഞു ''തീർച്ചയായും കർമ്മങ്ങൾ സ്വീകരിക്കപ്പെടുക നിയ്യത്ത് അനുസരിച്ച് മാത്രമാണ്'' (ബുഖാരി). അത്കൊണ്ട് പള്ളിയിലേക്ക് പുറപ്പെടുന്നതിന്ന് മുമ്പായി അതിനുള്ള ഒരുക്കത്തോടും നിയ്യത്തോടും കൂടിയായിരിക്കണം പുറപ്പെടേണ്ടത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

3, ചിലയാളുകൾ വ്യാഴാഴ്ചദിവസം നേരം വളരെവൈകുന്നത് വരെ ഉറക്കമൊഴിക്കുകയും സുബഹിപോലും നമസ്കരിക്കാതെ കിടന്നുറങ്ങുകയും ചെയ്യുന്നു. അത്വളരെ വലിയ പുണ്യം നഷ്ടപ്പെടുത്തുകയും, ഗൗരവമേറിയ തെററ് ചെയ്തുകൊണ്ട് വെള്ളിയാഴ്ചദിവസം ആരംഭിക്കാൻ കാരണമാകുന്നു. നബി (സ) പറഞ്ഞു ''അല്ലാഹുവിങ്കൽ ഏററവും ശ്രേഷ്ഠമായ നമസ്കാരം വെള്ളിയാഴ്ച ജമാഅത്തായി നമസ്കരിക്കുന്ന സുബഹിനമസ്കാരമാണ്'' (സ്വഹീഹ് 1566).

4, ജുമുഅഖുത്വുബ പലരും നിസ്സാരമായി മാത്രം കാണുന്നു ; ഖുത്വുബ പകുതിയാകുമ്പോഴോ തീരാറാകും സമയത്തോ മാത്രം കയറിവരുന്നു. എന്നാൽ അല്ലാഹു മറെറല്ലാഏർപ്പാടുകളും നിറുത്തിവെച്ച് ''നേരത്തെ അല്ലാഹുവിൻെറ ഉൽബോധനത്തിലേക്ക് ധൃതിപ്പെടണം'' (സൂറത്തുൽ ജുമുഅ) എന്ന്പറയുന്നു ഇവിടെ ഉൽബോധനം (ദിക്ർ) കൊണ്ടുദ്ദേശിക്കുന്നത് ഖുത്വുബയാണെന്നാണ് മുഫസ്സിറുകൾ അഭിപ്രായപ്പെടുന്നത്.

5, വെള്ളിയാഴ്ച ജുമുഅയുടെ നിയ്യത്തില്ലാതെ സാധാരണ പോലെയാണ് പലരും കുളിക്കുന്നത്. മററുചിലർ ശ്രദ്ധിക്കാതെ നബി(സ) പറഞ്ഞ നല്ലവസ്ത്രം ധരിക്കുക, സുഗന്ധം ഉപയോഗിക്കുക എന്നിവയെല്ലാം ഉപേക്ഷിക്കുന്നു, ചെയ്യുന്നവരാകട്ടെ നിയ്യത്തില്ലാതെയും ചെയ്യുന്നു. എന്നാൽ ഇവക്കുള്ള മഹത്വം മുൻസൂചിപ്പിച്ച ഹദീസുകളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

6, ബാങ്കിന്ന് ശേഷവും കച്ചവടം നിർവഹിക്കൽ : അല്ലാഹു പറയുന്നു ''വിശ്വാസികളേ നിങ്ങൾ നിങ്ങൾ വെള്ളിയാഴ്ച നമസ്കാരത്തിന്നായി ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ അല്ലാഹുവിൻെറ ഉത്ബോധനത്തിലേക്ക് ധൃതിപ്പെടുക, കച്ചവടം ഉപേക്ഷിക്കുകയുംചെയ്യുക അതാണ് നിങ്ങൾക്ക് ഉത്തമം നിങ്ങൾ അറിവുള്ളവരാണെങ്കിൽ '' (ജുമുഅ:).

7, വെള്ളിയാഴ്ചകൾ തോറും താടിവടിക്കൽ ഒരു പുണ്യകർമ്മമെന്നരൂപത്തിൽ ചെയ്തുവരുന്നു. അത്‌വർജിക്കേണ്ടതാണ്. തീർച്ചയായും അത് അല്ലാഹുവിനോടുള്ള ധിക്കാരമാണ്, താടിവളർത്തലാണ് നബിചര്യ.

8, ചിലർ പള്ളിയിൽ കയറിയാൽ മുൻഭാഗത്തും ഒന്നാമത്തെ വരിയിലും സ്ഥലമുണ്ടെങ്കിലും പിന്നിലും പുറഭാഗത്തോടു ചേർന്നും ഇരിക്കുന്നു. ഇത്തീർത്തും നബിചര്യക്ക് എതിരാണ്. ''ഒന്നാമത്തെ സ്വഫ്ഫിനുള്ള ശ്രേഷ്ഠത്യങ്ങാനം ഒരാൾ അറിഞ്ഞിരുന്നെങ്കിൽ നറുക്കെടുത്തെങ്കിലും അത് നേടാൻ മത്സരിക്കുകതന്നെചെയ്യും '' (ബുഖാരി).

9, മററുള്ളവർ ഇരിക്കുന്ന സ്ഥലത്ത്നിന്നും അവരെ എഴുന്നേൽപ്പിച്ച് ആസ്ഥലത്ത് ഇരിക്കരുത്. നബി(സ) പറഞ്ഞു ''ഒരാളും വെള്ളിയാഴ്ച തൻെറ സഹോദരനെ ഇരിക്കുന്നിടത്ത് നിന്ന് എഴുന്നേൽപ്പിച്ച് മാററിനിർത്തി ആസ്ഥലത്ത് ഇരിക്കരുത് എന്നാൽനിങ്ങൾ വിശാലതയുണ്ടാക്കി സൗകര്യപ്പെടുത്തി കൊടുക്കണം'' (മുസ്‌ലിം)

10, രണ്ടാളുകൾ ഇരിക്കുന്നതിന്നിടയിൽ അവരെബുദ്ധിമുട്ടിച്ചും പ്രയാസപ്പെടുത്തിയും ചാടിക്കടക്കരുത്. നബി(സ) വെള്ളിയാഴ്ച ഖുതുബ നിർവഹിച്ചുകൊണ്ടിരിക്കെ ഒരാൾ മററുള്ളവരു

ടെ ചുമലിലൂടെ ചാടിക്കടന്നപ്പോൾ നബി പറഞ്ഞു "തീർച്ചയായും നീ ഉപദ്രവിച്ചു, നീകുററം ചെയ്തു" (ഇബ്നുമാജ:).

11, നമസ്കരിക്കുന്നവർക്കും ഖുർആൻ ഓതുന്നവർക്കും ശല്യമാകും വിധമുള്ള സംസാരം ഉപേക്ഷിക്കേണ്ടതാണ്. ഉച്ചത്തിൽ ഖുർആൻ പാരായണം ചെയ്യുന്നതും ശ്രദ്ധിക്കേണ്ടതാണ്.

12, കാരണം കൂടാതെ ബാങ്കിന്ന് ശേഷം പള്ളിയിൽനിന്നും പുറത്ത് പോകാൻ പാടില്ല.

13, ഖുത്വുബ നടക്കുമ്പോൾ അത്ശ്രദ്ധിക്കാതെ മററെന്തെങ്കിലും കാര്യത്തിൽ ഏർപ്പെടാൻ പാടില്ല.

14, രണ്ട് ഖുത്വുബകൾക്കിടയിൽ ഇമാം ഇരിക്കുമ്പോൾ പ്രത്യേകമായി യാതൊരു നമസ്കാരവുമില്ല. എന്നാൽ ആസമയത്ത് പ്രാർത്ഥനകൾ ആകാവുന്നതാണ്.

15, നമസ്കാരത്തിനിടയിൽ അനാവശ്യചലനങ്ങൾ ഒഴിവാക്കേണ്ടതാണ്. പള്ളിയിൽനിന്നും തിരക്ക്പിടിച്ച് ഇറങ്ങിപ്പോകുന്നതും നല്ലതല്ല. നമസ്കാരശേഷം പ്രത്യേകം ദിക്റുകളും ദുആകളും സുന്നത്താണെന്നകാര്യം ഓർക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.

## ഖത്തീബുമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1, ഖുത്വുബ ദീർഘിപ്പിക്കുകയും നമസ്കാരം ചുരുക്കുകയും ചെയ്യൽ നിയന്ത്രിക്കേണ്ടതാണ്. അമ്മാർ(റ) വിൽനിന്ന്, നബി (സ)പറഞ്ഞു; "തീർച്ചയായും നമസ്കാരം ദീർഘിപ്പിക്കലും ഖുത്വുബ ചുരുക്കലും പാൺഢിത്യത്തിൻെറ ലക്ഷണമാണ്, അതിനാൽ നിങ്ങൾ നമസ്കാരം നീട്ടുകയും ഖുത്വുബ ചുരുക്കുകയുംചെയ്യുക തീർച്ചയായും വിശദീകരണത്തിൽ വശീകരണം (സിഹ്ർ)ഉണ്ട്" (മുസ്ലിം). എന്നാൽ ജനങ്ങളുടെ അവസ്ഥയും ആവശ്യകതയുമനുസരിച്ച് ആയിരിക്കുകയും വേണം. ജാബിർ(റ) പറയുന്നു "ഞാൻ നബി(സ)യുടെ കൂടെ നമസ്കരിച്ചിട്ടുണ്ട് അദ്ദേഹത്തിൻെറ ഖുത്വുബയും നമസ്കാരവും മിതമായതായിരുന്നു" (മുസ്ലിം).

2, ജനങ്ങളുടെ സ്ഥിതിഗതികൾക്കും സാഹചര്യത്തിനുമനുസരിച്ച് മുൻകൂട്ടി വിഷയംപഠിച്ചായിരിക്കണം ഖുത്വുബ നിർവ്വഹിക്കേണ്ടത്.
3, ഭാഷാപരമായ തെററുകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കണം.
4, ഖുത്വുബയിൽ ദുർബലവും വ്യാചനിർമ്മിതവുമായ ഹദീസുകൾ വന്നുപോകാതിരിക്കാൻ ശ്രദ്ധിക്കണം, കാരണം ഖുത്വുബ ആധികാരികമായിരിക്കണം.
5, രണ്ടാം ഖുത്വുബ ചിലർ പ്രാർത്ഥനയിൽ മാത്രമായി ചുരുക്കുന്നു. അതും നബിചര്യക്ക് യോജിച്ചതല്ല.
6, ഖുത്വുബയിൽ തീരെ ഖുർആൻ ആയത്തുകൾ ഉൾക്കൊള്ളിക്കാതെ ചിലർനടത്തുന്ന ഖുത്വുബയും നബിചര്യക്ക് വിരുദ്ധമാണ്. ബിൻതു ഹാരിസത്തുബ്നു നുഅ്മാൻ(റ) പറയുന്നു ''ഞാൻ ഖാഫ് സൂറത്ത് മനപ്പാഠമാക്കിയത് നബി(സ)യുടെ വായയിൽ (ഖുത്വുബയിൽ) നിന്നായിരുന്നു, നബി(സ) എല്ലാ ഖുത്വുബയിലും അത് (ഓതി) പ്രസംഗിക്കുമായിരുന്നു'' (മുസ്ലിം)
7,വിഷയങ്ങൾക്ക് അനുസരിച്ചായിരിക്കണം ഖത്ത്വീബിൻെറ ചലനങ്ങളും ഭാവങ്ങളും. ''നബി(സ) ഖുത്വുബ നടത്തുമ്പോൾ കണ്ണുകൾ ചുവക്കുകയും ശബ്ദം ഉയരുകയും ദേഷ്യം പ്രകടമാകുകയും ചെയ്യുമായിരുന്നു, അദ്ദേഹം ഒരു സേനാനായാകനെപ്പോലെയായിരുന്നു '' (മുസ്ലിം).

## ജുമുഅയും
## അിറഞ്ഞിരിക്കേണ്ട കാര്യങ്ങളും

ജുമുഅയമായി ബന്ധപ്പെട്ട് നമ്മുടെനാട്ടിൽ ചർച്ചാവിഷയമായിട്ടുള്ള ഏതാനും കാര്യങ്ങളെകൂടി സാന്ദർഭികമായി ഉണർത്താൻ ഉദ്ദേശിക്കുന്നു.

1, ജുമുഅയുടെ ബാങ്ക് : സാഇബ്ബ്നു യസീദ് (റ) പറയുന്നു ''വെള്ളിയാഴ്ച ദിവസത്തെ (ജുമുഅയുടെ) ബാങ്ക് നബി (സ) അബൂബക്കർ, ഉമർ(റ) എന്നിവരുടെ കാലത്ത് ഇമാം മിമ്പറിൽ ഇരുന്നതിന്ന്ശേഷം മാത്രമായിരുന്നു. ഉസ്മാൻ(റ) ൻെറകാലത്ത് ജനങ്ങൾ അധികരിച്ചപ്പോൾ സൗറാഇൽ വെച്ച് മൂന്നാമതൊരു ബാങ്ക്കൂടി അധികരിച്ചു'' (ബുഖാരി). യഥാർത്ഥത്തിലുള്ള ബാങ്കിനും ഇഖാമത്തിനും പുറമെ വർദ്ധിച്ചത്കൊണ്ടാണ് ഇവിടെ മൂന്നാമത് എന്ന്പ്രയോഗിച്ചത്, സൗറാഅ് മദീനയിൽ അങ്ങാടിക്കടുത്തുള്ള ഒരു പ്രദേശമാണ് (മുസ്ലിം), ഉമർ (റ)വും പള്ളിയുടെപുറത്ത്നിന്നും ജനങ്ങളെ ജുമുഅസമയം അറിയിക്കാൻ വിളിച്ചുപറയാൻ കൽപ്പിച്ചിരുന്നു, എന്നാൽ ബാങ്ക് തൻെറ മുന്നിൽവെച്ച് (മിമ്പറിൽഇരുന്നശേഷം) മാത്രമായിരുന്നു കൊടുക്കാൻ കൽപ്പിച്ചിരുന്നത് അബൂബക്കർ, നബി (സ) എന്നിവരുടെ കാലത്ത് നടപ്പുണ്ടായിരുന്നത്പോലെ എന്ന് അത്വാഅ്(റ)ൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു., (ഇന്ന് നടപ്പിലുള്ള) ആദ്യബാങ്ക് ബിദ്അത്ത് ആണ് എന്ന് ഇബ്നുഉമർ(റ)വിൽ നിന്നും ഇബ്നു അബീശൈബ(റ) റിപ്പോർട്ട് ചെയ്യുന്നതായും കാണാം. (ഫത്ഹുൽബാരി 2/458).

ഇന്ന് അടുത്തടുത്ത് പള്ളികളും സമയമറിയാനുള്ള സൗകര്യങ്ങളും വ്യാപകമായുണ്ടായിരിക്കെ നബിചര്യയിലേക്ക് മടങ്ങലായിരിക്കും അഭികാമ്യം. ഇക്കാലത്ത് ഈവിഷയത്തിൽ ഇമാം ശാഫി(റ)യുടെ അഭിപ്രായമാണ് ഏററവും ഉത്തമമായിട്ടുള്ളത്. ''ജുമുഅയുടെബാങ്ക് ഇമാം മിമ്പറിൽ ഇരിക്കുമ്പോൾ മാത്രമായിരുന്നു നബി(സ), അബൂബക്കർ, ഉമർ (റ) എന്നിവരുടെ കാലത്ത്. ഉസ്മാൻ(റ)ൻെറകാലത്ത് ജനങ്ങൾ വർദ്ധിച്ചപ്പോൾ രണ്ടാമത് ഒരുബാങ്ക്കൂടി വർദ്ധിപ്പിക്കപ്പെട്ടു, എന്നാൽ അത്വാഅ്

(റ) ഇക്കാര്യം നിഷേധിക്കുന്നുണ്ട്, മുആവിയ(റ)യാണ് ഇക്കാര്യം തുടങ്ങിയത് എന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം, ആര് തുടങ്ങിയതാണ് എങ്കിലും നബി(സ)യടെ കാലത്തുള്ള ചര്യയാണ് ഞാനിഷ്ടപ്പെടുന്നത്.'' (കിതാബുൽ ഉമ്മ് 1/195).

2, മആശിറ വിളി: നബി(സ)യടെ കാലത്ത് അദ്ദേഹം നേരെ മിമ്പറിൽ കയറിഇരിക്കുകയും ബിലാൽ(റ) ബാങ്ക്കൊടുക്കുകയും ചെയ്യുക എന്നതായിരുന്നു പതിവ്, അതല്ലാത്ത ഒരു സംഭവവും റിപ്പോർട്ട് ചെയ്യുന്നില്ല. തന്നയുമല്ല ഇന്ന് മആശിറ എന്ന പേരിൽനടത്തിവരുന്ന വാക്കുകളിൽ നബി(സ) പറയാത്ത കാര്യം നബി(സ)പറഞ്ഞു എന്ന്പറഞ്ഞു, ബുഖാരിയുടേയും മുസ്ലിമിൻേറയുംപേരിൽ ചേർത്തുപറയുന്നു. സത്യത്തിൽ അങ്ങിനെ ഒരുഹദീസ് ബുഖാരിയിലോ മുസ്ലിമിലോ കാണാൻ കഴിയുന്നില്ല.!? ''ആരെങ്കിലും എൻെറപേരിൽ ബോധപൂർവം കളവു പറഞ്ഞാൽ അവൻ തൻെറഇരിപ്പിടം നരകത്തിൽ ഉറപ്പിച്ചുകൊള്ളട്ടെ'' (ബുഖാരി). അക്കാരണത്താൽതന്നെ മേൽ പറഞ്ഞ വിഷയം തീർത്തും നബിചര്യക്ക് വിരുദ്ധമാണ്.

3, ഖുത്വുബയുടെ ഭാഷ : നബി(സ) ഖുത്വുബ നടത്തിയതെല്ലാം അറബിഭാഷയിലായിരുന്നു എന്നതും അതോടൊപ്പം അത് ശ്രോദ്ധാക്കൾക്ക് കാര്യങ്ങൾ മനസിലാക്കിക്കൊടുക്കാനായിരുന്നു എന്നതും നബിയുടെ ഖുത്വുബയിൽനിന്നും ഗ്രഹിക്കാൻ കഴിയുന്ന വസ്തുതകളാണ് എന്നാൽ അത്രണ്ടുംകൂടി നമുക്കിന്ന് എടുക്കാൻ കഴിയുകയില്ല. അപ്പോൾ പിന്നെ ചിന്തിക്കാനുള്ളത് എന്തായിരുന്നു ഖുത്വുബയുടെ ലക്ഷ്യം എന്നതാണ്. അത് ജനങ്ങളെ ദീൻപഠിപ്പിക്കാനായിരുന്നു എന്ന് ബോധ്യപ്പെടുന്നതാണ്, അതാകട്ടെ മനസിലാകുന്ന ഭാഷയിലല്ലാതെ നേടാൻ കഴിയുകയുമില്ല. പ്രവാചകൻ അതൊട്ടുവിരോധിച്ചിട്ടുമില്ല. ഇക്കാര്യത്തിൽ മുൻകാല പണ്ഡിതന്മാരെല്ലാം യോജിക്കുകയും ചെയ്യുന്നു.

നബിയുടെ ഖുത്വുബ എങ്ങിനെയായിരുന്നു എന്ന് ഹദീസുകൾ വ്യക്തമാക്കിത്തരുന്നത് കാണുക: ''നബി(സ)ക്ക് രണ്ട് ഖുത്വുബകൾ ഉണ്ടായിരുന്നു, അവകൾക്കിടയിൽ അദ്ദേഹം ഇരിക്കുമായിരുന്നു; അദ്ദേഹം ഖുത്വുബയിൽ ഖുർആൻ ആയ

ത്തുകൾ ഓതുകയും ജനങ്ങൾക്ക് ഉൽബോധിനം നടത്തുകയുമായിരുന്നു പതിവ് '' (മുസ്ലിം).
ഇമാംനവവി(റ) പറയുന്നു, ''ഖുത്വുബയുടെലക്ഷ്യം വഅള് (ഉപദേശം) ആകുന്നു'' (ശറഹുൽ മുഹദ്ദബ്).
എന്നാൽ പണ്ഢിതന്മാരിൽ ചിലർ ഖുത്വുബ അറബിഭാഷയിൽ തന്നെ നിർവ്വഹിക്കണമെന്ന് പറഞ്ഞിട്ടുള്ളത് ഖുത്വുബയുടെ അർകാനുകളെ സംബന്ധിച്ച് മാത്രമാണ്.
ഇമാം ഇബ്നുഹജറുൽ ഹൈതമി (റ) പറയുന്നു '' ഖുത്വുബ അറബിയിലാകണമെന്ന് പറഞ്ഞത് അർകാനുകൾ മാത്രമാണ് അതല്ലാത്തവയെ സംബന്ധിച്ചല്ല '' (തുഹ്ഫ).
ഇമാം ശാഫി(റ) പറയുന്നത് കാണുക, ''ജുമുഅ ഖുത്വുബയിലോ മററുവല്ല ഖുത്വുബയിലോ പ്രസംഗിക്കുന്നയാൾ തനിക്കോ മററുള്ളവർക്കോ ആവശ്യമുള്ള കാര്യങ്ങൾ ജനങ്ങളുടെ ഭാഷയിൽ സംസാരിക്കുന്നതിന്ന് യാതൊരു വിരോധവുമില്ല '' (കിതാബുൽഉമ്മ് ).
4, <u>ഖുത്വുബ രണ്ട്റക്അത്ത് നമസ്കാരമല്ല:</u> ഉമർ (റ) പറയുന്നു ''ജുമുഅനമസ്കാരം രണ്ട്റക്അത്ത് തന്നെയാണ് അത് നാല് റക്അത്ത് ചുരുക്കപ്പെട്ടതല്ല'' (അഹ്മദ്, നസാഇ).
ഇമാംശാഫി(റ) പറയുന്നു ''ഖുത്വുബ നമസ്കാരം പോലെയല്ല അങ്ങിനെയായിരുന്നുവെങ്കിൽ ഖുത്വുബക്കിടയിൽ ഇമാം മററു കാര്യങ്ങൾ സംസാരിക്കുകയില്ല'' (അൽ ഉമ്മ്).
നബി(സ) പറഞ്ഞു '' ജുമുഅ നമസ്കാരത്തിൽ നിന്നും ആർക്കെങ്കിലും ഒരുറക്അത്ത് ലഭിച്ചാൽ അവൻ ഒരുറക്അത്തു കൂടി നമസ്കരിക്കട്ടെ, രണ്ട് റക്അത്തും നഷ്ടപ്പെട്ടവൻ നാല് റക്അത്തും നമസ്കരിക്കട്ടെ '' (ത്വബ്റാനി).
5, <u>ജുമുഅയും ആളുകളുടെഎണ്ണവും:</u> ജുമുഅക്ക് ഇത്ര ആളുകൾ ഉണ്ടായിരിക്കണമെന്ന് നിർണ്ണയിക്കപ്പെട്ടതായി ഹദീസുകളിൽ സൂചനകളൊന്നുമില്ല. ഒരു പ്രദേശത്തുള്ള ആളുകളെല്ലാം ഒരിടത്ത് ഒരുമിച്ചുകൂടി നമസ്കരിക്കുക എന്നതാണ് നബിചര്യ. ജാബിർ(റ) പറയുന്നു: ഒരിക്കൽ നബി(സ) ഖുത്വുബ നടത്തി ക്കൊണ്ടിരിക്കുമ്പോൾ ഒരു കച്ചവടസംഘം ഭക്ഷണ സാധനങ്ങളുമായിവരികയും ജനങ്ങളെല്ലാം അങ്ങോട്ടുപോകു

കയുംചെയ്തു, ബാക്കി നബിയോടൊപ്പം ഞങ്ങൾ പന്ത്രണ്ട് പേർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അബൂഹാതിമിൽ നിന്നും ത്വബരി(റ) ഇങ്ങിനെ റിപ്പോർട്ട്ചെയ്യുന്നു ''നബി ഞങ്ങളോട് എത്രപേർ ബാക്കിയുണ്ടെന്ന് എണ്ണിനോക്കാൻ പറഞ്ഞു, അപ്പോൾ ഞങ്ങൾ പന്ത്രണ്ട് പുരുഷൻമാരും ഒരുസ്ത്രീയും മാത്രമായിരുന്നു ബാക്കിയുണ്ടായിരുന്നത്'' (ഫത് ഹുൽബാരി). ഇതിൽ നിന്നെല്ലാം ആളുകളുടെ എണ്ണത്തിൽ പ്രത്യേക നിബന്ധനകൾ ഇല്ല എന്ന് വ്യക്തമാകുന്നതാണ്. സംഘം എന്ന് പറയാൻ മാത്രമുള്ള ആളുകൾ ഉണ്ടെങ്കിൽ ജുമുഅ: നടത്താവുന്നതാണ് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

6, <u>ജുമുഅയും</u> <u>സ്ത്രീകളും:</u> സ്ത്രീകൾക്ക് ജുമുഅ: നിർബന്ധമില്ല, എന്നാൽ നബി(സ)യുടേയും പിൻഗാമികളുടേയും കാലത്ത് സ്ത്രീകൾ പള്ളികളിൽ പങ്കെടുക്കുകയും നമസ്കാരം നിർവ്വഹിക്കുകയും ചെയ്തിരുന്നതായി ധാരാളം ഹദീസുകളിൽ സ്ഥിരപ്പെട്ടതാണ്. ഇതിൽ നിന്നും സ്ത്രീകൾക്കും ജുമുഅ ജമാഅത്തുകൾക്കായി പള്ളികളിൽ പങ്കെടുക്കലും നമസ്കാരം നിർവഹിക്കലും പുണ്യകർമ്മമാണെന്ന് മനസിലാക്കാവുന്നതാണ്.

തഴെപറയുന്ന തെളിവുകളിൽനിന്നും ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നതാണ്.

ഇബ്നുഉമർ(റ)വിൽനിന്നു, നബി(സ)പറഞ്ഞു: ''പുരുഷൻമാരിൽ നിന്നും സ്ത്രീകളിൽനിന്നും ജുമുഅയിൽ പങ്കെടുക്കുന്നവർ കുളിക്കേണ്ടതാണ്. '' (ഇബ്നുഖുസൈമ, ബൈഹഖി, ഇബ്നുഹിബ്ബാൻ).

ഇമാം ശാഫി(റ) പറയുന്നു: '' കാരണംമൂലം ജുമുഅക്ക് പങ്കെടുക്കാൻ കഴിയാത്ത സ്വതന്ത്രരായപുരുഷൻമാർ, സ്ത്രീകൾ, കുട്ടികൾ, അടിമകൾ എന്നിവർ പള്ളിയിലെ ഇമാം ജുമഅയിൽ നിന്നും വിരമിച്ചാൽമാത്രം ളുഹർ നമസ്കരിക്കലാണ് ഞാനിഷ്ടപ്പെടുന്നത് കാരണം അവർക്ക് ജുമുഅയിൽ പങ്കെടുക്കാൻ കഴിഞ്ഞാൽ അതാണല്ലൊ അവർക്ക് ഖൈറായിട്ടുള്ളത് '' (കിതാബുൽ ഉമ്മ്).

ഇമാംനവവി(റ) പറയുന്നു: ''തീർച്ചയായും സ്ത്രീകൾ ജുമുഅക്ക് പങ്കെടുക്കുകയും നമസ്കരിക്കുകയും ചെയ്താൽ അനുവദനീയമാകുമെന്ന കാര്യത്തിൽ ഇജ്മാഅ് (ഏകാഭിപ്രായം) ഉണ്ട് എന്ന് ഇബ്നുമുൻദിർ(റ)ഉം മററും ഉദ്ധരിച്ചിട്ടുണ്ട്, ധാരാളം ഹദീസുകളിൽ നബി(സ)യുടെ പള്ളിയിൽ നബിയുടേയും പുരുഷൻമാരുടേയും പിന്നിൽ നിന്നുകൊണ്ട് സ്ത്രീകൾ നമസ്കരിച്ചിരുന്നതായി സ്ഥിരപ്പെട്ടിട്ടുണ്ട്'' (ശറഹുൽ മുഹദ്ദബ്).
മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ള നിരവധി ഗ്രന്ഥങ്ങളിൽനിന്നും ഈസത്യം സാധാരണക്കാർക്കുകൂടി ബോധ്യപ്പെടുന്നതാണ്. ഇമാം ഗസ്സാലി(റ)യുടെ ഇഹ്യാഉലൂമിദ്ദീൻ പരിഭാഷ കാണുക: '' ഇനി രോഗിയോ, യാത്രക്കാരനോ, അടിമയോ, സ്ത്രീയോ ജുമുഅ: നമസ്കാരത്തിൽ പങ്കെടുത്താൽ അവരുടെ നമസ്കാരം ശരിയാവുകയും അതവർക്ക് ളുഹർ നമസ്കാരത്തിന് മതിയാവുകയുംചെയ്യും'' (ഇഹ്യാ ഉലൂമിദ്ദീൻ പരിഭാഷ 5/31).
ഇക്കാര്യം നമ്മുടെ നാട്ടിൽ എല്ലാ വിഭാഗവും തന്നെ അവരുടെ കുട്ടികളെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നു!. സമസ്തയുടെ നാലാം ക്ലാസിലേക്കുള്ള മദ്രസാപാഠപുസ്തകത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് കാണുക: '' യാത്രക്കാരൻ, സ്ത്രീ, രോഗി, കുട്ടികൾ, അടിമ, കുരുടൻ എന്നിവർക്ക് ജുമുഅ നിർബന്ധമില്ല അവർ വരികയും ജുമുഅയിൽ പങ്കെടുക്കുകയും ചെയ്താൽ ആ സമയത്തെ ളുഹറിന്ന്പകരം അതുമതി'' (സമസ്ത കർമ്മശാസ്ത്രം -ഹനഫി- നാലാം ക്ലാസ്).
ചിന്തിക്കുക!! അല്ലാഹു സത്യം സത്യമായി മനസിലാക്കുവാനും അതുൾക്കൊണ്ടു ജീവിക്കുവാനും നമ്മെ അനുഗ്രഹിക്കട്ടെ (ആമീൻ).

وصلى الله وسلم وبارك على نبينا محمد وعلى آله وصحبه أجمعين آمين

والحمد لله رب العلمين .

بسم الله الرحمن الرحيم

**المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي**

# إنجازات المكتب

أسس هذا المكتب في شهر جمادى الأولى من عام ١٤١٧ هـ

وهذه نبذة مختصرة عن أهم إنجازاته خلال الفترة

منذ افتتاح المكتب ١٤١٧/٥/١هـ إلى ١٤٢٣/٥/٣٠هـ

| | | |
|---|---|---|
| ✓ بلغ عدد الدروس التي ألقيت داخل وخارج المكتب أكثر من | : ٤٤٤٨ | درس سنوياً |
| ✓ عدد الحاضرين لهذه الدروس | : ٨٠٥١٥٤ | شخصاً |
| ✓ عدد الكتب والمطويات التي وزعت | : ٣٢٤١١٣٤ | نسخة |
| ✓ عدد كتب الحج التي وزعت (دليل الحاج والمعتمر) بسبع لغات | : ١٨٥٨٤٥ | كتاباً |
| ✓ عدد وجبات العشاء التي قدمت لمن يحضر الدروس أكثر من | : ٥١١٣٤٣ | وجبة |
| ✓ بلغ عدد المسلمين الجدد ما بين رجل وامرأة أكثر من | : ٨٠٧ | شخصاً |
| ✓ عدد من أفطر بالمكتب في رمضان | : ٩٩٤٠٠ | شخصاً |
| ✓ عدد الدروس الرمضانية التي ألقيت في مخيمات ومساجد السلي | : ٢٠٤٠ | دروس |
| ✓ عدد الحاضرين لهذه الدروس | : ٦١٢٠٠٠ | شخصاً |
| ✓ عدد المشاركين في رحلة حج المسلمين الجدد | : ٢٠١ | شخصاً |
| ✓ عدد المشاركين في رحلة عمرة المسلمين الجدد | : ١٩٣ | شخصاً |
| ✓ عدد الرحلات التعليمية | : ٣٧ | رحلات |
| ✓ عدد المشاركين في الرحلات الترفيهية التعليمية للجاليات اكثر من | : ٤٧٧٠ | شخصاً |

**يستقبل المكتب التبرعات والصدقات والزكوات على حساب شركة الراجحي المصرفية رقم ٧٠٧٠/٧ أو حساب عام ٧٠٥٠/٩ فرع الربوة ٢٩٦ مع توضيح نوع التبرع وإرسال القسيمة على الفاكس رقم /٢٤١١٧٣٣**

# الجُمعة

## فضائِل وآداب

إعداد

**قسم الترجمة بالمكتب**



المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي
ص.ب. ١٤١٩ الرياض ١١٤٣١ هاتف ٢٤١٤٤٨٨ ـ ٢٤١٠٦١٥ فاسوخ ٢٤١١٧٢٢

مليباري ٠٧٠١٠٥